Draft #2 of File 1869/AC A9/3/2018/AC A 9 Approved by ASSISTANT REGISTRAR III ACADEMIC on 07-Mar-2019 07:19 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഴവെള്ളക്കൊയ്ത്തിനും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും സഹായകമാകും വിധം ജലനയം എന്ന വിഷയം സർവകലാശാല ബിരുദ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 929/AC A 9/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 08.03.2019

---

പരാമർശം:-1. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗവണ്മെന്റ് സെക്രട്ടറിയുടെ , 07.09.2017തീയതിയിലെ കത്ത് നം കെ/162/17/ ഉ .വി. വ.

2. 24.10.2017-ലെ ബഹു വൈസ് ചാൻസലറുടെ ഉത്തരവ്.

3. 08.02.2018 തീയതിയിലെ ഫാക്കൽറ്റി ഓഫ് സയൻസ് ഡീനിന്റെ കത്ത്.

4. 03.04.2018 തീയതിയിലെ എൻവയോൺമെന്റ് ആൻഡ് അറ്റ്മോസ്ഫെറിക് ഡീനിന്റെ കത്ത് .

5. 29.09.2018 ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിൻറെ മിനിട്സ്

**ഉത്തരവ്**

മഴവെള്ളക്കൊയ്ത്തിനും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും സഹായകമാകും വിധം 'ജലനയം' എന്ന വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർവകലാശാലയുടെ അഭിപ്രായം സർക്കാരിലേക്ക് അടിയന്തിരമായി അറിയിക്കണമെന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ നിർദേശമനുസരിച്ചു പ്രസ്തുത വിഷയത്തിൽ സയൻസ് ഫാക്കൽറ്റി ഡീനിന്റെയും എൻവയോൺമെന്റൽ ആൻഡ് അറ്റ്മോസ്ഫെറിക് സയൻസസ് ഫാക്കൽറ്റി ഡീനിന്റെയും അഭിപ്രായം , ബഹു വൈസ് ചാൻസലറുടെ 24.10.2017ലെ ഉത്തരവ് പ്രകാരം തേടിയിട്ടുണ്ട് .ജലസംരക്ഷണം എന്നത് പ്രകൃതി സംരക്ഷണത്തിൻറെ ഭാഗമായതിനാൽ കോളേജ് വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ 'ജലനയം' ഉൾപെടുത്തേണ്ടതാണെന്നാണ് സയൻസ് ഫാക്കൽറ്റി ഡീൻ അഭിപ്രായപ്പെട്ടത് .'ജലനയം' എന്ന വിഷയം സംസ്ഥാന സർവകലാശാലകളിൽ എല്ലായിടത്തും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വിഷയമാണെന്നും 'എൻവയോൺമെന്റൽ സയൻസസ് ' ഒരു വിഷയമായി സർവകലാശാല ബിരുദ പാഠ്യപദ്ധതിയിൽ ഉൾപെടുത്തേണ്ടതാണെന്നുള്ള യു ജി സി നിർദേശം നിലനിൽക്കുന്നതായും ആയതിനാൽ സർവകലാശാല ബിരുദ പാഠ്യ പദ്ധതിയിൽ 'എൻവയോൺമെന്റ് സയൻസ് ' ഒരു വിഷയമായും അതിൽ 'ജലനയം' പാഠഭാഗമായി ഉൾപെടുത്തേണ്ടതാണെന്നുമാണ് എൻവയോൺമെന്റൽ ആൻഡ് അറ്റ്മോസ്ഫെറിക് സയൻസസ് ഡീൻ അഭിപ്രായപ്പെട്ടിട്ടുള്ളത് .സൂചന (5) പ്രകാരം പ്രസ്തുത വിഷയം സർവകലാശാല ബിരുദ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

29.09.2018 ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗം തീരുമാനിച്ചു. മേൽ വിവരം 08.11.2018- ന കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ ഇനം നം 01/18.09/182236 ആയി സമർപ്പിച്ചിട്ടുള്ളതാണ് .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ദിലീപ് കുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) Dr.എം എസ് ലത , ഡീൻ , ഫാക്കൽറ്റി ഓഫ് സയൻസ്
2) Dr. സി റ്റി അരവിന്ദകുമാർ , ഡീൻ , ഫാക്കൽറ്റി ഓഫ് എൻവയോൺമെന്റൽ സയൻസസ്
3)വി സി / പി വി സി എന്നിവരുടെ പി എസ്
4) രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ
5)ജെ ആർ II/ഡി ആർ II/ എ ആർIII(അക്കാദമിക് )
6)ജെ ആർI /ഡി ആർ IV /എ ആർ XIV/XV/XIX (പരീക്ഷാവിഭാഗം )
7)കണ്ടെന്റ് മാനേജ്മെൻറ്(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ )
8)ഐ ക്യൂ എ സി
9)സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Draft #2 of File 1869/AC A9/3/2018/AC A 9 Approved by ASSISTANT REGISTRAR III ACADEMIC on 07-Mar-2019 07:19 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം